CHURCH WEEKLY

August 2021



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 75
Issue 8
August 2021

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

75th Year of Publication

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 120.00
10 years	₹ 1,000.00
Life (Patron)	₹ 10,000.00


	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്വചനം



"In attaining our ideals, our means should be as pure as the end."

- Dr. Rajendra Prasad

ഈ ലക്കത്തിൽ

70 years ago

T. Kagawa

Church Weekly
15 July, 1951.

The Lost Necklace

Once upon a time there was a lady soon to be married, who was busily engaged in making preparations for the great event. She was Syrian, and in Syria from ancient times the women have always worn necklaces. The necklaces were not made of pearls or gold, but of silver coins in current use, ten of which strung together to make a circlet. If one of the pieces happens to disappear the other nine are rendered useless and the necklace is spoiled.

So when the young woman of the parable lost one of the coins that made up the necklace, she lighted a candle and began to search in every nook and corner until she found it. Having faound it, she was so happy, she called in her neighbours to celebrate. The parable, looked at from the standpoint of the Lord of Heaven, He who made the world and is the ultimate reality in the universe, we are part of His necklace. We are each a unit in the necklace. When we reflect on the meaning of existence, life is empty and meaningless unless we admit that man is a unit in the adornment of God.

Often man indulges in short-lived pleasures like bouts of drinking. Unless we concede that the purpose of man is to adorn God, there is but little interest in the daily round we call life; but to be able to say, "I am part of God's great necklace, I even I, am one of its pearls," is enough to alter our whole outlook on life.

The reason why some people d not lead a disciplined life and go astray is simply because they fail to realize that they are part of God's adornment. Man who has been created by the Maker of Heaven and earth must not bring ruin upon himself. The giving in to self, the spirit of desperation which gives the body for immoral activities, is a direct violation of the will of the Heavenly Father, who especially made us to be His adornment.

So when even one of the pieces in the chain is lost, the Heavenly Father is deeply affected; He searches and searches everywhere. The Heavenly Father is out searching for the missing folk; then when He finds them, like the woman in the story, He is filled with joy and says, "I have found that which was lost!" ◎




Toyohiko Kagawa (1888-1960) was a Japanese Christian reformer, pacifist, and labour activist.

• മുഖമൊഴി •

"നശ്വരമാം വീടേ..."

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് – II

(1946 ആഗസ്റ്റ് 30 – 2021 ജൂലൈ 12)



"നശ്വരമാം വീടേ..." ദേവലോകം അരമനയിൽ ഈ വിടവാങ്ങൽഗാനം മുഴങ്ങി... മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്കുവേണ്ടി... "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപത് സംവത്സരം; ഏറെ ആയാൽ എൺപത് സംവത്സരം" എന്ന് സങ്കീർത്തനത്തിൽ (90:10) നാം വായിക്കുന്നു. പ. ബാവാ തന്റെ നശ്വരഭവനം വിട്ടത് 75-ാം വയസ്സിൽ... 72-73 വയസ്സായപ്പോഴേക്കും ഗുരുതരമായ ചില രോഗങ്ങൾ അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചു തുടങ്ങി. ഞാൻ തിരുമേനിയെ ആദ്യമായി കാണുന്നത് 1972-73 കാലഘട്ടത്തിലാണ്. കോട്ടയം സി.എം.എസ് കോളജിൽ ഡിഗ്രിക്കു പഠിക്കുന്ന സമയം... **ഡീക്കൻ കെ.ഐ.പോൾ എം.എ. സോഷ്യോളജി വിദ്യാർത്ഥിയായി വന്നു...** താമസം കോളജിനു സമീപമുള്ള എം.ഡി. ഹോസ്റ്റലിൽ... അത് മലങ്കരസഭയുടെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ആസ്ഥാനം കൂടി ആയിരുന്നു... "ചോർത്തും രൂപയെ നിന്നാചാര്യന്മാരും പൈസയെ നിൻ ശെമ്മാശ്ശന്മാരും" എന്നു തമാശയ്ക്ക് പാടിയ പി.സി ചെറിയാനച്ചനായിരുന്നു അന്നത്തെ ജനറൽ സെക്രട്ടറി. രൂപയും പൈസയും വേണ്ടാത്ത ശെമ്മാശ്ശൻ ചെറിയാനച്ചന്റെ സഹായിയായി... കോഴ്സ് തീരുമ്പോഴേക്കും ശെമ്മാശ്ശൻ അച്ചനായിക്കഴിഞ്ഞിരുന്നു (21/6/1973)... പക്ഷേ പഠിക്കാൻ വരുമ്പോൾത്തന്നെ നീണ്ട താടിയും മീശയും ഉണ്ടായിരുന്നതുകൊണ്ട് ശെമ്മാശ്ശൻ അച്ചനായത് അധികമാരും തിരിച്ചറിഞ്ഞില്ല...

ഞാൻ വിദ്യാർത്ഥിപ്രസ്ഥാനം കോളജ് യൂണിറ്റ് സെക്രട്ടറിയായപ്പോൾ (1972-73) പോളച്ചൻ വൈസ് പ്രസിഡണ്ട്... പാത്രിയർക്കീസ്-കാതോലിക്കോസ് പുനർവിഭജനത്തിനു മുമ്പുള്ള വർഷം... പോളച്ചന്റെ നേതൃത്വത്തിൽ മുൻ സെക്രട്ടറി ബോബി കറ്റാനവും കെ.സി ജോർജ് സാറും ജോസഫ് പി. വർഗീസ് സാറുമെല്ലാം കൂടിച്ചേർന്ന് പ്രവർത്തനം ഗംഭീരമാക്കി... **അന്നു ഞങ്ങൾ കണ്ട നിർമ്മലമായ മുഖവും അണയാത്ത പുഞ്ചിരിയും മരണംവരെ തിരുമേനിയോടൊപ്പമുണ്ടായിരുന്നു.**

1973-ൽ വൈദികപ്പട്ടം... മങ്ങാട് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ പുത്തൻ കുർബാന... മൂലേപ്പാട്ട് മാർ ബസ്സേലിയോസ് മാർ ഗ്രീഗോറിയോസ് പള്ളിയിൽ ഒരു ചെറിയ കാലഘട്ടം വികാരി... (പലരുടെയും ധാരണ അദ്ദേഹം വികാരിയായിരുന്നിട്ടേയില്ല എന്നാണ്)... തിരുവനന്തപുരം സ്റ്റുഡന്റ്സ് സെന്ററിൽ വാർഡൻ... ഇതെല്ലാം കഴിഞ്ഞ് **എറണാകുളം സെന്റ് മേരീസ് പള്ളിയിൽ സഹവികാരി...** കൂടെ ഒരു മാതൃകാവൈദികനായ ഓ.വി. ഏലിയാസച്ചനും, മിതഭാഷണം കൊണ്ട് ശ്രോതാക്കളിൽ ചിരപ്രതിഷ്ഠ നേടിയ ജോസഫ് വെണ്ടറപ്പള്ളിയച്ചനും... എറണാകുളം പള്ളിയുടെ ഒരു സുവർണ്ണകാലഘട്ടം... **സ്ഥായിയായ ലാളിത്യവും എറണാകുളത്ത് വളർത്തിയെടുത്ത സുഹൃദ്ബന്ധങ്ങളും പിൽക്കാലത്ത് പാലാരിവട്ടം പള്ളിയുടെ സ്ഥാപനം സമാധാനപരമായി നടപ്പിലാക്കുവാൻ അദ്ദേഹത്തെ സഹായിച്ചു.**

36-ാം വയസ്സിൽ റമ്പാൻ സ്ഥാനത്തേക്ക് (1983)... 38-ാം വയസ്സിൽ **മേൽപ്പട്ടസ്ഥാനത്തേക്ക്** (15/5/1985)... പുതുതായി രൂപം കൊണ്ട **കുന്നംകുളം ഭദ്രാസനത്തിന്റെ സാരഥ്യവും...** സഭാചരിത്രത്തിൽ കുന്നംകുളത്തിനുള്ള സ്ഥാനവും പൈതൃകവും വളരെ വലുതാണ്... കോട്ടയം പഴയസെമിനാരിയും എം.ഡി. സെമിനാരിയും പരുമല സെമിനാരിയും സ്ഥാപിച്ച മഹാരഥന്മാരായ രണ്ടു പുലിക്കോട്ടിൽ തിരുമേനിമാർ... പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയാൽ അത്ഭുതരോഗശാന്തി നടന്ന സ്ഥലം... പുത്തൻകാവ് കൊച്ചു തിരുമേനിയുടെ ഉജ്ജ്വലപ്രഭാഷണം കേട്ട് പ്രചോദിതമായ സമൂഹം... കച്ചവടത്തിൽ "തനിമ" പുലർത്തുമ്പോഴും സഭാഭക്തിയിൽ അഗ്രഗണ്യർ... അവർക്കായി ഒരു ഭദ്രാസനവും സ്വന്തം മെത്രാനും... പേര് **"പൗലോസ് മാർ മിലിത്തിയോസ്"** എന്നു മാറിയെങ്കിലും ഉള്ളിൽ പഴയ പോളച്ചനായി അദ്ദേഹം ജീവിച്ചു.

2006-ൽ 60-ാം വയസ്സിൽ **നിയുക്തകാതോലിക്കാബാവായായി തിരഞ്ഞെടുക്കപ്പെട്ടു...** ദിദിമോസ് കാതോലിക്കാബാവായിലൂടെ വന്ന ദൈവവിളി... മുൻഗാമി ജീവിച്ചിരിക്കുമ്പോൾത്തന്നെ, 2010-ലെ

കേരളപ്പിറവിദിനത്തിൽ **കാതോലിക്കാസ്ഥാനത്തേക്ക്** (01/11/2010)... അന്നു ഞാൻ ചർച്ച് വീക്കിലിയിൽ എഴുതിയതോർക്കുന്നു- **"മലങ്കരസഭയിൽ പുതിയ സൂര്യോദയം"...** പരുമലപ്പെരുന്നാളിനോടനുബന്ധിച്ച് തലേദിവസം ഒരു പ്രസംഗത്തിന് എനിക്ക് ക്ഷണമുണ്ടായിരുന്നതുകൊണ്ട് അവിടെത്തന്നെ താമസിച്ച് ചടങ്ങുകളെല്ലാം നേരിൽ കാണുവാൻ ഭാഗ്യം ലഭിച്ചു... അപ്രതീക്ഷിതമായി മനോരമയിൽനിന്നൊരു ഫോൺ... തിരുമേനിയുടെ സ്ഥാനാരോഹണവാർത്തയോടൊപ്പം കൊടുക്കുവാൻ **രണ്ടു സഹപാഠികളുടെ ഓർമ്മക്കുറിപ്പുകൾ** വേണം... അതിനു തിരുമേനി നൽകിയ പേരുകൾ എന്റെയും ബസ്സേലിയോസ് കോളജ് വൈസ് പ്രിൻസിപ്പൽ വർക്കി മാത്യുവിന്റേതുമായിരുന്നുവെന്ന് പ്രിൻസിപ്പൽ ജേക്കബ് കുര്യൻ ഓണാട്ട് പറഞ്ഞറിഞ്ഞു... ഞങ്ങളുടെ അഭിപ്രായങ്ങൾ പത്രത്തിൽ വന്നതിന്റെ കുളിർമ്മ ഇന്നും മാറിയിട്ടില്ല...

2012-ൽ വീണ്ടുമൊരു ഫോൺ... കാതോലിക്കാബാവാതിരുമേനിയാണ്... എനിക്കു ചിലപ്പോൾ നിന്റെ ഒരു സഹായം വേണ്ടിവരും... ഏതു സഹായത്തിനും ഞാൻ റെഡി... ഒരു വാക്കു മതി... പക്ഷേ അത് തിരുമേനിയുടെ ആലോചനാസമിതിയിലേക്കും സഭാ വർക്കിംഗ് കമ്മിറ്റിയിലേക്കും തദ്വാരാ മാനേജിംഗ് കമ്മിറ്റിയിലേക്കുമുള്ള ക്ഷണമായിരിക്കുമെന്നു കരുതിയില്ല... പ്രഗത്ഭരായ ചില വ്യക്തികളോടൊപ്പം വിലയേറിയ അഞ്ചു വർഷങ്ങൾ... വൈദികർക്ക് മാന്യമായ വേതനം ഉറപ്പാക്കിയ ശമ്പളപരിഷ്കരണം... വിവാദമായ മെത്രാൻ ട്രാൻസ്ഫർ കമ്മിറ്റി... മലങ്കരസഭയുടെ അക്കൗണ്ടിംഗ് രീതിയുടെ ഏകോപനം... അങ്ങനെ, പ്രവർത്തിക്കാനുള്ള ഒട്ടേറെ അവസരങ്ങൾ ബാവാ തുറന്നുതന്നു...

ബാവാ തിരുമേനിയുടെ **ഉദാരമനോഭാവവും സാമൂഹ്യപ്രതിബദ്ധതയും** വെളിവാക്കുന്ന അനേകം സംഭവങ്ങൾ ഇന്നു നാം കേൾക്കുന്നുണ്ട്. അതോടൊപ്പം അദ്ദേഹത്തിന്റെ ലാളിത്യവും സുതാര്യതയും ശ്രദ്ധേയമായിരുന്നു. ഏതു പള്ളിയിൽ ചെന്നാലും അരമനയ്ക്കുള്ളിൽ ഒതുങ്ങിയിരിക്കാതെ, വെളിയിലേക്കിറങ്ങിവന്ന് സാധാരണക്കാരുമായി സസന്തോഷം സംവദിക്കുന്ന സ്വഭാവം ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവർക്ക് മാതൃകയാക്കാവുന്നതാണ്. പ. പിതാവ് 'നാം" എന്നു പറയുമ്പോൾ അതിന്റെ അർത്ഥം "ഞാൻ" എന്നല്ല, "നമ്മൾ" എന്നായിരുന്നു!

കോഴിക്കോട്ടെ അനുഗ്രഹിന്റെയും ഫാത്തിമായുടെയും അനുഗ്രഹാനുഭവം... പാണ്ടനാട്ടെ സാധുസ്ത്രീയുടെ അത്ഭുതഭവനം... മലയാളത്തിന്റെ വാനമ്പാടി ചിത്രാജിയുടെ സാക്ഷ്യം... ഇങ്ങനെ **"അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച"** എത്രയോ സംഭവങ്ങൾ!!! ആരുമറിയാത്ത ഒരു കഥ കൂടിയുണ്ട്... നമ്മുടെ യുവവൈദികരിലൊരാൾ പിതാവിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് വലിയ കടബാദ്ധ്യതയിലാണെന്നും കയറിക്കിടക്കാൻ ഒരു നല്ല വീടില്ലെന്നും അറിഞ്ഞപ്പോൾ ഞാൻ ബാവായോടു വിവരം പറഞ്ഞു... മറുപടി പെട്ടെന്നായിരുന്നു... "ഒന്നു വരാൻ പറ... എന്റെ കൈയിൽ രണ്ടര ലക്ഷം രൂപായുണ്ട്... ഇപ്പോൾ അതു കൊടുക്കാം"... അച്ചന് അതൊരു വലിയ സഹായമാകുമായിരുന്നു... പക്ഷേ അച്ചൻ വന്നില്ല... പിന്നെയറിഞ്ഞു... ആരോ അച്ചനെ തടഞ്ഞുവത്രേ!

ഒരു ജീവിതനിയോഗം പോലെ അദ്ദേഹം നെഞ്ചോടുചേർത്ത **പരുമല സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി...** കാൻസർ ചികിത്സയ്ക്കുവേണ്ടി ആരംഭിച്ച **സ്നേഹസ്പർശം...** നവമാദ്ധ്യമലഹരി മാറ്റുവാൻ തുടങ്ങിവെച്ച **സൈബർ ഫാസ്റ്റിംഗ്...** ജീവിതത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി താൽപര്യപൂർവ്വം വളർത്തിയെടുത്ത **മലങ്കര ഓർത്തഡോക്സ് മാനവശേഷി ശാക്തീകരണ വിഭാഗം...** സെന്റ് തോമസിന്റെ പിൻഗാമിയായ കാതോലിക്കാബാവാ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ **ഫ്രാൻസിസ് മാർപ്പാപ്പായുമായി നടത്തിയ കൂടിക്കാഴ്ച...** സെറാമ്പൂർ യൂണിവേഴ്സിറ്റി ആദരപൂർവ്വം സമ്മാനിച്ച **ഡോക്ടറേറ്റ്** വിനയപൂർവ്വം നിരാകരിച്ച തീരുമാനം... തലമുറകൾ കണ്ണുകൊണ്ട് കാണുവാനും ചെവികൊണ്ട് കേൾക്കുവാനും കാത്തിരുന്ന **സുപ്രീം കോടതിവിധി (2017)...** വ്യവഹാരരഹിത സഭ!... നല്ല ഓർമ്മകൾ ധാരാളമായി സമ്മാനിച്ച് തിരുമേനി യാത്രയായി...

പുൽത്തൊട്ടിയിൽ തുടങ്ങി കാൽവറിയിൽ വരെ എത്തിയിട്ട് ഉയിർപ്പും സ്വർഗ്ഗാരോഹണവും വഴി ദൈവസന്നിധിയിലേക്കു കരേറിയ യേശുനാഥന്റെ ബലമുള്ള കരങ്ങളിൽ സ്വയം സമർപ്പിച്ച്, ലാളിത്യത്തിൽ വളർന്ന്, താനുൾപ്പെട്ട ആഗോളസഭയുടെ പരമാദ്ധ്യക്ഷനായി ഉയർന്ന്, ഒരു സാധാരണ മനുഷ്യന്റെ എല്ലാ വേദനകളും സ്വന്ത ശരീരത്തിൽ അനുഭവിച്ച്, ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയ പരിശുദ്ധ പിതാവിന് **ആലുവാ ഫെലോഷിപ്പ് ഹൗസിന്റെയും ചർച്ച് വീക്കിലിയുടെയും പ്രാർത്ഥനാപൂർണ്ണമായ ആദരാഞ്ജലികൾ...** ഒപ്പം, അൻപതുവർഷം നീണ്ടുനിന്ന ഒരപൂർവ്വസൗഹൃദത്തിന്റെ മായാത്ത സ്മരണയിൽ ഈ ലേഖകന്റെ വ്യക്തിപരമായ അശ്രുപൂജയും... **പ. പിതാവിന്റെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ...** അനുശോചനങ്ങളുടെ വേലിയേറ്റത്തിനുപരി എന്തു ത്യാഗം സഹിച്ചും **തിരുമേനിയുടെ ഒരാഗ്രഹം സാധിച്ചുകൊടുക്കുവാൻ നമുക്കു കഴിയുമോ?... വ്യവഹാരരഹിത സഭ!** ◎

Cover Story

Dr. Jenee Peter



We the People of India...

345 million subjects of King George VI turned citizens at the stroke of midnight of 15 August 1947. *India was the jewel in the British crown*. It was the largest colony of the British and was a nation in the making for many decades before that eventful night.

The British rule over India had lasted from 1757 to 1947. The freedom struggle of India was a part of the **decolonisation** process happening in many colonies in Asia and Africa in the nineteenth and twentieth centuries. The populist policies of Gandhi gave our freedom struggle a facelift. It gradually gained momentum. There were many forms of native resistance to colonialism.

The Emergence of Nationalism

The victory of Robert Clive, (later the first British Governor of Bengal) over Siraj Ud Daula, the Nawab of Bengal in the **Battle of Plassey near Calcutta in 1757 marked the dawn of colonialism in India.** During the first hundred years, colonialism suffered many jolts. The first major blow to British imperialism in India was the Revolt of 1857. But shaking off colonialism was no easy task to be accomplished. It took a long struggle from 1857 to 1947 for India to become a nation.

If the British political hegemony was brutal, cultural hegemony through the civilising mission was to have a lasting impact on the destiny of India. While many consider **English education** as an agency for emancipating Indians, Mahatma Gandhi said that the colonial system of education had enslaved us. British education destroyed the pride in our culture. Furthermore, the problems created by colonial rule, which lasted two hundred years, continue to plague not only India but also its neighbours in South Asia. The "divide and rule" policy of the British had culminated in the Partition. **Kashmir, once called the *'paradise on earth'* by Mughal and Persian poets became an 'issue' in 1947.**

Many political associations were formed in the late nineteenth century, including the **Indian National Congress.** The educated middle class used these as platforms to develop the modern consciousness of *people as sovereign* in place of the king. It later developed into a struggle against racism and demanded greater representation to Indians, in administration.

After 1919 the struggle against British rule became a mass movement with the **Rowlatt Satyagraha** which was the first all India struggle against the British government and their repressive policies. A peaceful hartal by farmers at **Jalianwala Bagh** turned out to be a tragedy and this united the Hindus and Muslims once again since the revolt of 1857. Gandhiji decided to cement this temporary unity by using the **Khilafat** issue as an opportunity to reach out to the Muslims to join the cause of nationalism.

The Indian leaders did not stop there but continued with the **Non-cooperation Movement** against the British government. They also demanded **Swaraj or self rule.** The **Civil Disobedience Movement** was launched in 1930.

Multiparty scene

A party system is the backbone of a healthy democracy. India was not only becoming a nation but a democratic republic. Apart from the Indian National Congress led by Gandhi and Nehru, many other parties emerged in India such as the Muslim League, Rashtriya Swayamsevak Sangh and the Communist Party of India. There was also a revolutionary strand in Indian nationalism. The demand for **Swaraj** was a collective call and the first independence day was celebrated on **26 January 1930** all over the country. This time the call was not for swaraj but **'purna swaraj'.** But these parties parted ways as the **Civil Disobedience Movement** unfurled.

Dandi March

The day after Gandhi broke the salt law in **Dandi,** Lord Irwin, the Viceroy was still following a policy of non-interference to tackle Gandhi's policy of non-violence. But the Governor of Bombay (Dandi was under him) wrote, "Gandhi has succeeded in reaching the masses…. law can be defied if sufficient concerted action is brought." Thus the popular sentiment against Britain had consolidated and crystallized. The daily *Time* saluted Gandhi as a **'saint and statesman'.**

Inching towards Independence

Finally, the **Government of India Act** of 1935 prescribed provincial autonomy. In the ensuing elections, Congress had a landslide victory. The leaders tried to bargain for independence by supporting the British in the II World War. After three failed **Round Table Conferences** in London, Congress decided to initiate the **Quit India** movement in the middle of the World War hoping it would put pressure on the British parliament to act. Instead, the British government unleashed repression.

In the 1930s Jinnah and other Muslim leaders had come up with the two nation theory. Remarkably, Jinnah was an ambassador of Hindu-Muslim unity until 1920. At the end of the World War, Britain was exhausted and in huge debt. It opened negotiations with Congress and the Muslim League but the **Cabinet Mission** was a failure. **Partition became inevitable** under these circumstances. Between August 1946 and August 1947 millions of Indians had either suffered, died or were displaced as a result of the partition.

India @ 75

As we celebrate the *Amrut Mahotsav* and as the *Vista Project* is unfurling, **the mission of independence has to be regained by India.** Superstitions are riding affront and there is a false pride in a gloriously projected past.

Our constitution upholds the citizens' rights but in recent years there is a debate on "who is a citizen?" The **Citizienship Amendment Act** casts doubts in the minds of minorities and their status of citizenship. It is worth remembering how soon, after the Partition, the young state of India reached out to the minority citizens.

Prime Minister Nehru wrote, ".... we have a Muslim minority who are so large in numbers that they cannot, even if they want, go anywhere else. …… We have got to deal with this minority in a civilized manner. We must give them security and the rights of citizens in a democratic state."

We the citizens will have to remind the state that it is the citizens who established the state through the **constitution** and gave it its powers. **Retaining our hard earned sovereignty and strengthening it is an ensuing struggle. We, the people of India, have to reclaim the core values of the Republic.** ◎

The author is Professor in the Department of History, U.C. College, Aluva.

കാണാപ്പുറങ്ങൾ

ഡോ. മിനി ആലീസ്





സ്വാതന്ത്ര്യത്തിന്റെ മാന്ത്രിക സ്പർശങ്ങൾ

ഏഴു മക്കളുള്ള അപ്പന്റെയും അമ്മയുടെയും ദുരന്തപൂർണ്ണമായ ഒരു കഥ! ആദ്യജാതനെ ഉറക്കിക്കിടത്തി പണിയെടുക്കാൻ പോയ വേളയിൽ ഉറുമ്പരിച്ച് ആ കുഞ്ഞു മരിച്ചു. വേല ചെയ്യുന്നതിൽ കുറവു വന്നതിന്റെ പേരിൽ രണ്ടാമത്തെ മകളെ തമ്പുരാൻ അടിച്ചു കൊന്നു. പിന്നീട് വേലയ്ക്കു പോയി തിരിച്ചു വന്നപ്പോൾ രണ്ടു കുട്ടികളെ കടുവ പിടിച്ചു. അവശേഷിച്ച കുഞ്ഞുങ്ങളുമായി ജീവിക്കുന്ന സമയത്ത് അപ്പനെ തമ്പുരാൻ വിറ്റു. അധിക നാളാകുന്നതിനു മുമ്പ് അമ്മയേയും തമ്പുരാൻ വിറ്റു. തമ്പുരാക്കന്മാർ അമ്മയെ കൊണ്ടുപോകാൻ വരുമ്പോൾ കുഞ്ഞുങ്ങൾ അമ്മയെ വട്ടംപിടിച്ച് നിലവിളിക്കുകയാണ്. ഇളയ കുഞ്ഞുങ്ങളെ നോക്കണമെന്ന് മൂത്ത കുട്ടിയോട് കരഞ്ഞു പറഞ്ഞുകൊണ്ട് അമ്മ അവസാന ഉരുള മക്കൾക്ക് നൽകുന്നു. ഇനി ഒരിക്കലും തമ്മിൽ കാണില്ലെന്ന് അറിയുന്നതിന്റെ ഹൃദയവേദനയിൽ കുഞ്ഞുങ്ങളെ വിട്ട് പോകുന്നു.

കേരളത്തിലെ അടിമജീവിതത്തിന്റെയും പാരതന്ത്ര്യത്തിന്റെയും തിക്താനുഭവത്തെ വ്യക്തമാക്കുവാൻ, തന്റെ പ്രസംഗവേളയിൽ പി.ആർ.ഡി.എസ്. സ്ഥാപകനായ പൊയ്കയിൽ കുമാരഗുരു പറഞ്ഞ ജീവിത കഥയാണിത്.

മനുഷ്യൻ വെറും വില്പനച്ചരക്കായി അടിമച്ചന്തകളിൽ കൈമാറ്റം ചെയ്യപ്പെട്ട കാലത്തിന്റെ ദുരന്തചിത്രം! മേൽവർഗ്ഗത്തിന്റെ സുഖഭോഗത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി എല്ലായ്പ്പോഴും കീഴാളർ അസ്വാതന്ത്ര്യം അനുഭവിക്കേണ്ടി വരുന്നു. **ഏതു തരം സ്വാതന്ത്ര്യചിന്തയിലും ഒരാളുടെ സ്വാതന്ത്ര്യം മറ്റൊരാളുടെ പാരതന്ത്ര്യത്തിനു കാരണമാകുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാകുന്നു.** എന്റെ സ്വാതന്ത്ര്യം ഞാനുമായി ബന്ധപ്പെട്ടവരുടെ സ്വാതന്ത്ര്യം കൂടിയാണെന്ന ചിന്ത കൂടുതൽ ആഴവും അർത്ഥഭരിതവുമായ ആലോചനകൾക്ക് വഴിതെളിക്കുന്നു.

അധഃസ്ഥിതവർഗ്ഗത്തിന്റെ നവോത്ഥാനത്തോടൊപ്പം നിന്ന സവർണ്ണ ജാതിക്കാരും ദുരന്തപൂർണ്ണമായ ജീവിതാനുഭവങ്ങളെ നേരിടേണ്ടതായി വന്നിട്ടുണ്ട്. കേരളീയ നവോത്ഥാനത്തിന്റെ ചരിത്ര

ത്തിലെ പെൺകരുത്തിന്റെ പ്രതീകമായ ആര്യാപള്ളത്തിന്റെ ജീവചരിത്രത്തിൽ ഇത്തരം വേദന നിറഞ്ഞ അനുഭവങ്ങൾ കടന്നുവരുന്നുണ്ട്. കേളപ്പജി നയിച്ച അയിത്തോച്ചാടന ജാഥയിലെ അംഗങ്ങൾക്ക് ഭക്ഷണം നൽകിയതിന്റെ പേരിൽ പള്ളം മനയ്ക്ക് ഊരുവിലക്കു കല്പിച്ച സാഹചര്യം ഉണ്ടായിട്ടുണ്ട്.

ജയിൽജീവിതത്തെ അതിന്റെ തീക്ഷ്ണതയിൽ ആവിഷ്കരിച്ച സമീപകാല മലയാള കൃതികളിൽ ശ്രദ്ധേയമാണ് ജയചന്ദ്രൻ മൊകേരിയുടെ 'തക്കിജ്ജ – എന്റെ ജയിൽ ജീവിതം.' മാലിദ്വീപിൽ അധ്യാപകനായിരുന്ന ജയചന്ദ്രനെ ചെയ്യാത്ത കുറ്റം ചുമത്തി ജയിലിലടയ്ക്കുന്നു. 25 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കേസിൽ നിന്നു മോചനം ലഭിക്കുന്ന സന്ദർഭത്തിൽ കേൾക്കുന്ന വാക്കാണ് ജയിൽ മോചനം എന്നർത്ഥമുള്ള 'തക്കിജ്ജ' – ഈ പരദേശി വാക്കുപോലെ, മാതൃഭാഷയായ മലയാളത്തിലെ ഒരു വാക്കിനെപ്പോലും താൻ സ്നേഹിച്ചിട്ടില്ല എന്നാണ് ഗ്രന്ഥകാരൻ എഴുതുന്നത്. **പാരതന്ത്ര്യം അഭിമാനികൾക്ക് മരണത്തേക്കാൾ ഭയാനകമാണെന്ന് കുമാരനാശാൻ ഒരു നൂറ്റാണ്ടു മുമ്പ് കുറിച്ചത് സമകാലത്തും പ്രസക്തമാണ്.**

കോവിഡ് മഹാമാരിയുടെ ഈ കാലത്ത് രോഗവും പാരതന്ത്ര്യവും തമ്മിലുള്ള ബന്ധം നമ്മൾ അനുദിനം അനുഭവിച്ചു കൊണ്ടിരിക്കുന്നു. രോഗത്തോടു സമൂഹം പുലർത്തിവന്ന അസ്പൃശ്യതയ്ക്ക് സ്പർശംകൊണ്ട് മറുപടി പറഞ്ഞ മഹാവൈദ്യനാണ് യേശുക്രിസ്തു. കുഷ്ഠരോഗികളെ സ്പർശിച്ചു സൗഖ്യം നൽകുമ്പോഴും അന്ധന്റെ കണ്ണുകളിൽ തുപ്പൽകൊണ്ട് ചേറുണ്ടാക്കി കുഴച്ചു പുരട്ടുമ്പോഴും സ്പർശത്തിന്റെ മഹാശക്തിയാണ് നാം തിരിച്ചറിയുന്നത്. പനി ബാധിച്ച പത്രോസിന്റെ അമ്മായിയമ്മയെ കൈ തൊട്ടാണ് ക്രിസ്തു സൗഖ്യമാക്കുന്നത്! രക്തസ്രാവക്കാരി സ്ത്രീ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ചപ്പോൾ തന്റെ സൗഖ്യദായകമായ ശക്തിയെ ക്രിസ്തു അവളിലേക്ക് പകർന്നു നൽകുന്നു. **രോഗത്തിന്റെ പാരതന്ത്ര്യത്തിൽ നിന്ന് സൗഖ്യത്തിന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള സഞ്ചാരത്തിൽ സ്പർശത്തെ ക്രിസ്തു ചേർത്തു നിർത്തുന്നു.** ചുങ്കക്കാരോടും പാപികളോടുമുള്ള യേശുവിന്റെ സഹഭോജനത്തെ വിമർശിക്കുന്ന പരീശന്മാരോട് യേശു പറയുന്ന മറുപടി സുപ്രധാനമാണ്: "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല. യാഗത്തിലല്ല കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നു." ഇവിടെ ഭൗതികമായ സ്പർശം മാത്രമല്ല അതിലും അഗാധമായ മാനസിക സ്പർശവും പ്രധാനമാകുന്നു.

നമ്മുടെ ജീവിതത്തെ ഭരിക്കുന്ന നിരവധി യാഥാസ്ഥിതിക ധാരണകളെ മറികടക്കുകയും നൂതനാശയങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നതിലൂടെ മാത്രമേ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ ഒരു ജനതയ്ക്ക് കരഗതമാവുകയുള്ളൂ. **ദേശത്തിന്റെ സ്വാതന്ത്ര്യം എല്ലാ മനുഷ്യരുടെയും സ്വാതന്ത്ര്യമായി മാറുവാൻ നമ്മുടെ മനോഭാവങ്ങൾ യാഥാസ്ഥിതികത്വത്തിന്റെ അലിഖിത നിയമങ്ങളെ തിരുത്തി എഴുതിക്കൊണ്ടേയിരിക്കണം.** ◎

ലേഖിക യു.സി. കോളേജിൽ പ്രൊഫസർ ആണ്.

> ***"സ്വാതന്ത്ര്യം എന്നത് കേവലം ഒരുവന്റെ ചങ്ങലകളെ പൊട്ടിച്ചെറിയുക മാത്രമല്ല, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിച്ചും പരിപോഷിപ്പിച്ചും ജീവിക്കുന്ന ശൈലികൂടിയാണ്."***
> – നെൽസൺ മണ്ടേല

പ്രശ്നോത്തരി

സൂസി ചെറിയാൻ, ശങ്കരമംഗലം



സ്വാതന്ത്ര്യ സമര സ്മരണകൾ



ബ്രിട്ടീഷുകാർ ഇന്ത്യയിലേക്കു വന്നതു മുതൽ നമുക്കു സ്വാതന്ത്ര്യം കിട്ടിയതുവരെയുള്ള സമരചരിത്രം നാമെല്ലാം പഠിച്ചിട്ടുണ്ട്. 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിയതിന്റെ ഓർമ്മയ്ക്കായി നാം ത്രിവർണ്ണ പതാക ഉയർത്തുകയും മാർച്ചുപാസ്റ്റ് നടത്തുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യാറുണ്ട്. 74 വർഷങ്ങൾക്കപ്പുറം നടന്ന സ്വാതന്ത്ര്യ സമരങ്ങളെപ്പറ്റിയും അതിൽ ജീവൻ വെടിഞ്ഞ രാജ്യസ്നേഹികളെപ്പറ്റിയും നാം സാധാരണ ഓർമ്മിക്കാറില്ല. ചരിത്രവിദ്യാർത്ഥികളിലും അദ്ധ്യാപകരിലും മാത്രമായി ആ വിഷയങ്ങൾ ഒതുങ്ങി നിൽക്കുകയാണ്. ജാലിയൻവാലാ ബാഗിൽ സംഭവിച്ചതുപോലെ എത്രയോ നിരപരാധികൾക്ക് ജീവൻ നഷ്ടപ്പെട്ടു! **സ്വാതന്ത്ര്യം തങ്ങളുടെ ജന്മാവകാശമാണെന്ന് തിരിച്ചറിഞ്ഞ ഒരു ജനതയുടെ മേൽ അടിച്ചേൽപ്പിച്ച കൊളോണിയൽ ആധിപത്യത്തിനെതിരെയുള്ള ധീരമായ പോരാട്ടമായിരുന്നു അത്.** സ്വാതന്ത്ര്യത്തിന്റെ പുലരിയിലേക്ക് ഉണരുന്നതിന് ഒരു രാജ്യം സഹിക്കേണ്ടിവന്ന വലിയ ത്യാഗങ്ങളുടെ കഥ നാം ഒരിക്കലും മറക്കാൻ പാടില്ലാത്തതാണ്. കാലത്തിന്റെ കുത്തൊഴുക്കിൽ മറവിയിലേക്ക് തള്ളപ്പെട്ട ചില ഏടുകൾ ഒന്ന് ഓർത്തെടുക്കുവാൻ വേണ്ടി ഒരു പ്രശ്നോത്തരി അവതരിപ്പിക്കട്ടെ.

സ്വാതന്ത്ര്യസമര ക്വിസ്

1. ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം ഏതു പേരിലാണ് അറിയപ്പെടുന്നത്?
2. അതു നടന്നത് ഏതു വർഷം?
3. കോൺഗ്രസിന്റെ ലക്ഷ്യം 'പൂർണ്ണസ്വരാജ്' ആണെന്ന് പ്രഖ്യാപിച്ച സമ്മേളനം ഏതാണ്?
4. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ച വർഷം?
5. 'ഇന്ത്യ ഇന്ത്യാക്കാർക്ക്' എന്ന മുദ്രാവാക്യം ആദ്യമായി ഉയർത്തിയത് ആര്?

6. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു പറഞ്ഞ മഹാൻ ആര്?

7. "സ്വരാജ്യം എന്റെ ജന്മാവകാശമാണ്. അതു ഞാൻ നേടുക തന്നെ ചെയ്യും" എന്നു പറഞ്ഞ മഹാൻ ആര്?

8. ഇന്ത്യാഭരണം ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ട് ഏറ്റെടുത്തത് വിക്ടോറിയ രാജ്ഞിയുടെ വിളംബരം മൂലമായിരുന്നു. ഏതു വർഷമായിരുന്നു ആ വിളംബരം?

9. വിദേശവസ്ത്ര ബഹിഷ്കരണവുമായി ബന്ധപ്പെട്ട സംഭവം ഏത്?

10. നമ്മുടെ ദേശീയഗാനത്തിന്റെ രചയിതാവ് ആര്?

11. 'ഇന്ത്യയിലെ ഉരുക്കുമനുഷ്യൻ' എന്നറിയപ്പെടുന്നത് ആര്?

12. ഇന്ത്യൻ ഭരണഘടനാശില്പി ആര്?

13. ഉപ്പുസത്യാഗ്രഹത്തിലെ പ്രഥമ സത്യാഗ്രഹി ആരായിരുന്നു?

14. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രഥമ വനിതാ പ്രസിഡന്റ്?

15. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ഉത്തരവാദിയായ സൈനിക മേധാവി?

16. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് 'സർ' സ്ഥാനം ഉപേക്ഷിച്ച ഇന്ത്യൻ സാഹിത്യകാരൻ?

17. ഗാന്ധിജി വിഭാവനം ചെയ്ത മാതൃകാരാജ്യത്തിന്റെ പേര്?

18. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബ്രിട്ടണിലെ രാജാവ് ആരായിരുന്നു?

19. ഇന്ത്യയുടെ ദേശീയപതാക രൂപകല്പന ചെയ്തത് ആര്?

20. ക്വിറ്റ് ഇന്ത്യ സമരവുമായി ബന്ധപ്പെട്ട ഗാന്ധിജിയുടെ പ്രശസ്ത മുദ്രാവാക്യം എന്തായിരുന്നു?

21. 'ജനഗണമന' എഴുതിയത് ടാഗോർ ആണല്ലോ. അത് ചിട്ടപ്പെടുത്തിയത് ഏതു രാഗത്തിൽ?

22. 'ജനഗണമന...' ആലപിക്കാനെടുക്കേണ്ട സമയം?

23. ലാലാ ലജ്പത്റായ്, ബിപിൻ ചന്ദ്രപാൽ, ബാലഗംഗാധര തിലക് എന്നീ മൂന്നു നേതാക്കന്മാർ ഏതു ചുരുക്കപ്പേരിലാണ് അറിയപ്പെട്ടിരുന്നത്?

24. "ഈ അർദ്ധരാത്രിയിൽ ലോകം ഉറങ്ങിക്കിടക്കുമ്പോൾ ഇന്ത്യ സ്വാതന്ത്ര്യത്തിലേക്കും ജീവിതത്തിലേക്കും ഉണരുകയാണ്" ഇപ്രകാരം പ്രസംഗിച്ചതാര്?

25. ഗാന്ധിജി ഏറ്റവും കൂടുതൽ കാലം തടവിൽ കഴിഞ്ഞ ജയിൽ?

26. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ് ആരായിരുന്നു?

27. 'India Wins Freedom' ആരുടെ ആത്മകഥയാണ്?

28. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.യുടെ ദുർഭരണത്തിനെതിരെ നടത്തിയ ജനമുന്നേറ്റ സമരം ഏതായിരുന്നു?

29. "ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും" - എന്നത് ആരുടെ വാക്കുകളാണ്?

30. കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത കലാപം ഏത്?

(ഉത്തരങ്ങൾ 26-ാംപേജിൽ)

കൽപ്പടവുകൾ - 12

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



നിന്റെ സഹോദരൻ എവിടെ?

“അവർ വയലിൽ ഇരിക്കുമ്പോൾ കയീൻ തന്റെ അനുജനായ ഹാബെലിനോട് കയർത്ത് അവനെ കൊന്നു. പിന്നെ യഹോവ കയീനോട്: നിന്റെ അനുജനായ ഹാബെൽ എവിടെ എന്ന് ചോദിച്ചതിന്: ഞാൻ അറിയുന്നില്ല; ഞാൻ എന്റെ അനുജന്റെ കാവൽക്കാരനോ എന്ന് അവൻ പറഞ്ഞു” (ഉല്പത്തി 4:8-9).

ചരിത്രാതീതകാല സംഭവങ്ങളുടെ വിവരണങ്ങളിൽ ഏറെ അവിശ്വസനീയമായ ചിത്രീകരണങ്ങളാണ് കയീന്റെയും ഹാബെലിന്റെയും ജീവിതത്തെ സംബന്ധിച്ചുള്ളത്. കയീന്റെ ഭാര്യ എവിടെ നിന്നുള്ളവൾ എന്നത് നമ്മുടെ മനസ്സിൽ തോന്നാവുന്ന പ്രായോഗികമായ ഒരു ചോദ്യം ആണ്. കയീൻ കൃഷിക്കാരനായിരുന്നു എന്നാണ് വേദപുസ്തക ഭാഷ്യം. ആദാമിന്റെ കാലത്തുതന്നെ കൃഷിരീതി തുടങ്ങിയിരുന്നോ? ഹാബെൽ മൃഗബലിയും കയീൻ ധാന്യബലിയും ദൈവസന്നിധിയിൽ സമർപ്പിച്ചു. മൃഗബലി ദൈവം സ്വീകരിച്ചു. ധാന്യബലിയേക്കാൾ ശ്രേഷ്ഠം മൃഗബലിയാണ് എന്ന് അന്ന് വിശ്വസിച്ചിരുന്നോ? യഹോവ, ഹാബെലിനെ കൊന്ന കയീനെ ശാപഗ്രസ്തനാക്കി. അതിന് അവന്റെ പ്രതികരണം ഇതായിരുന്നു: “ഇതാ ഇന്ന് നീ എന്നെ ആട്ടിക്കളയുന്നു; ഞാൻ തിരുസന്നിധിവിട്ട് ഒളിച്ച് ഭൂമിയിൽ ഉഴലുന്നവൻ ആകും; ആരെങ്കിലും എന്നെ കണ്ടാൽ എന്നെ കൊല്ലും എന്നു പറഞ്ഞു” (ഉല്പത്തി 4:14). ആദാമും ഹവ്വായും ഒഴികെ മറ്റ് “ആരെങ്കിലും” അന്നുണ്ടായിരുന്നോ?

വാസ്തവത്തിൽ കയീൻ ആരായിരുന്നു? ഉല്പത്തിപ്പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത് ഒരു വ്യക്തി എന്നുള്ള നിലയിലാണ്. വേദപുസ്തകത്തെ അതിന്റെ യഥാർത്ഥമായ ചരിത്ര പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നവർ അതിൽ ഉൾപ്പെട്ടു നില്ക്കുന്ന “വംശങ്ങളെയും ഗോത്രങ്ങളെയും” വ്യക്തികളായി ചിത്രീകരിക്കാറുണ്ട്. മോശെയുടെയും യോശുവയുടെയും നിര്യാണശേഷം യെഹൂദാ തന്റെ സഹോദരനായ ശിമെയോനോട് കനാന്യരോട് യുദ്ധം ചെയ്യാനായി പോകുന്നതിനെപ്പറ്റി പറയുന്നു: “യഹൂദാ തന്റെ സഹോദരനായ ശിമെയോനോട്: എന്റെ അവകാശ ദേശത്ത് കനാന്യരോട് യുദ്ധം ചെയ്യാൻ നീ എന്നോടുകൂടെ പോരേണം” (ന്യായാ. 1:3). “പിന്നെ യഹൂദാ തന്റെ സഹോദരനായ ശിമെയോനോടു കൂടെ പോയി, അവൻ സെഫാത്തിൽ പാർത്തിരുന്ന കനാന്യരെ വെട്ടി അതിനെ നിർമൂലമാക്കി” (ന്യായാ. 1:17). കനാന്യരെ വെട്ടി നിർമൂലമാക്കിയത് കേവലം രണ്ട് വ്യക്തികളല്ല, പ്രത്യുത അവർ ഉൾപ്പെട്ട സമൂഹമാണ് എന്നത് വ്യക്തം. അതായത് അവർ യൂദാ, ശിമെയോൻ എന്നീ ഗോത്രങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഇതിനോടൊപ്പം ഈ ഭാഗം കൂടി ശ്രദ്ധിക്കുക: “യഹോവ അവനോട്: അതുകൊണ്ട് ആരെങ്കിലും കയീനെ കൊന്നാൽ അവന് ഏഴിരട്ടി പകരം കിട്ടും എന്ന് അരുളിച്ചെയ്തു. കയീനെ കാണുന്നവൻ ആരും കൊല്ലാതിരിക്കേണ്ടതിന് യഹോവ അവന് ഒരു അടയാളം വെച്ചു.” (ഉല്പത്തി 4:15) ഹാബെൽ കൊല്ലപ്പെട്ടു. പിന്നെയുള്ളവർ ആദാമും ഹവ്വായും. അങ്ങനെയെങ്കിൽ അവനെ കൊല്ലാൻ സാദ്ധ്യതയുള്ള “ആരെങ്കിലും” ആരാണ്?

ബി.സി. 1600-നും 600-നും ഇടയ്ക്ക് അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന ഒരു സമൂഹമായിരുന്നു കനാന്യർ. എന്നാൽ യിസ്രായേൽക്കാർ പലസ്തീനിൽ സ്ഥിരതാമസക്കാരായിരുന്നു. അവർ തമ്മിൽ നിരന്തരമായ സംഘട്ടനങ്ങൾ നടന്നിരുന്നു. ഇതിനെ പ്രതീകാത്മകമായി ചിത്രീകരിക്കുകയാണ് കയീന്റെയും ഹാബെലിന്റെയും കഥ വഴി എന്ന് അഭിപ്രായമുള്ളവരുണ്ട്.

കയീനും ഹാബെലും ഇന്നു നമുക്ക് നൽകുന്ന സന്ദേശം എന്താണ്? ഏറ്റവും പ്രധാനപ്പെട്ടത് തെറ്റു ചെയ്യുന്നവൻ ദൈവസാന്നിദ്ധ്യത്തിൽ നിന്നും ദൈവബന്ധത്തിൽ നിന്നും വേർപെടുത്തപ്പെടും എന്നുള്ളതാണ്. ഇരുവരും ദൈവസാന്നിദ്ധ്യം അറിഞ്ഞ് ജീവിച്ചവരായിരുന്നു. അതുകൊണ്ടാണല്ലോ ഇരുവരും യഹോവയുടെ സന്നിധിയിൽ വഴിപാട് കൊണ്ടുവന്നത്. ഒരാളുടെ വഴിപാട് സ്വീകരിക്കപ്പെടുന്നു. മറ്റേ ആളുടേത് തിരസ്കരിക്കപ്പെടുന്നു. കാരണം എന്തെന്ന് വി. വേദപുസ്തകത്തിൽ കൃത്യമായി പറഞ്ഞിട്ടില്ല.

ആദാം കയീന്റെയും ഹാബെലിന്റെയും പിതാവ് മാത്രമായിരുന്നില്ല, കുടുംബ പുരോഹിതനുമായിരുന്നു എന്നൊരു വ്യാഖ്യാനമുണ്ട്. ദൈവത്തിനുള്ള വഴിപാട് ഇരുവരും പുരോഹിതസന്നിധിയിൽ സമർപ്പിക്കുകയായിരുന്നു. വിധികർത്താവ് ആദാം തന്നെയായിരുന്നു. ദൈവത്തിന്റെ നാമത്തിൽ നടത്തിയ ഒരു തീർപ്പ്! **ഓരോ വ്യക്തിക്കും ദൈവം ഓരോ ചുമതല നൽകുന്നുണ്ട്.** കൃഷിയും ആടുവളർത്തലും കച്ചവടവും വ്യത്യസ്തമായ മറ്റ് തൊഴിലുകളും മനുഷ്യ പുരോഗതിക്കുവേണ്ടി ദൈവം നൽകുന്ന ചുമതലകളാണ്. ആ അവസരങ്ങളെ നമ്മൾ യഥായോഗ്യം ഉപയോഗപ്പെടുത്തണം. അതോടൊപ്പം തന്നെ പ്രധാനപ്പെട്ടതാണ് ദൈവകൃപകളെ അനുസ്യൂതം സ്മരിക്കുക എന്നുള്ളതും സ്തോത്രം അർപ്പിക്കുക എന്നുള്ളതും.

ഹാബെലിനെപ്പറ്റിയുള്ള അനുസ്മരണ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. കർത്താവ് ശാസ്ത്രിമാർക്കും പരീശന്മാർക്കും ഒരു മുന്നറിയിപ്പു നൽകുന്നു: "നീതിമാനായ ഹാബെലിന്റെ രക്തം മുതൽ... ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം എല്ലാം നിങ്ങളുടെ മേൽ വരേണ്ടതാകുന്നു. ഇതൊക്കെയും ഈ തലമുറമേൽ വരും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" (വി. മത്തായി 23:35,36). വി. കുർബാനയിൽ ഉപയോഗിക്കുന്ന പ്രുമിയോനിൽ "നീതിമാനായ ഹാബെൽ" എന്ന പ്രയോഗമുണ്ട്. എബ്രായ ലേഖന കർത്താവ് സാക്ഷിക്കുന്നു: "വിശ്വാസത്താൽ ഹാബെൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു; ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു" (എബ്രായർ 11:4).

കയീൻ-ഹാബെൽ ബന്ധത്തെ വ്യക്തിപരമായ ബന്ധമായും സമൂഹങ്ങൾ തമ്മിലുള്ള ബന്ധമായും വിവക്ഷിക്കുന്നുണ്ട്. **ലോകത്തെ വിവിധ രാജ്യങ്ങളിൽ ദുർബ്ബല സമൂഹങ്ങളെ പ്രബല സമൂഹങ്ങൾ നിഷ്ഠൂരമായ പീഡനങ്ങൾക്കും കൊലയ്ക്കും വിധേയമാക്കിയതും വിധേയമാക്കുന്നതുമായ സംഭവങ്ങൾ "നിന്റെ സഹോദരൻ എവിടെ?" എന്ന ചോദ്യത്തോട് ബന്ധപ്പെടുത്തി ചിന്തിക്കേണ്ടതാണ്.** അമേരിക്കയിൽ 15-ാം നൂറ്റാണ്ടിൽ പ്രവേശിച്ച പാശ്ചാത്യർ - പ്രത്യേകിച്ച് പോർച്ചുഗീസുകാരും സ്പെയിൻകാരും - ഇൻകാ ഗോത്രക്കാരെയും മായൻ ഗോത്രക്കാരെയും അവർക്ക് "ആത്മാവ്" ഇല്ല എന്ന ആരോപിച്ച് കൊന്നൊടുക്കിയത് ചരിത്ര സംഭവമാണ്. ഈ പശ്ചാത്തലത്തിൽ ആഫ്രിക്ക, മദ്ധ്യപൗരസ്ത്യ ദേശങ്ങൾ, അഫ്ഗാനിസ്ഥാൻ, മ്യാൻമാർ മുതലായ ദേശങ്ങളിൽ നിന്നുള്ള അഭയാർത്ഥികളോടുള്ള സമീപനം വിലയിരുത്തപ്പെടേണ്ടതാണ്. ◎

ബൈബിൾ ചിന്തകൾ - 106

പ്രൊഫ. എം. വൈ. യോഹന്നാൻ



ശാന്തിതീരം

ശാന്തിതീരത്തെത്തിച്ചേരുന്നത് പ്രശ്നങ്ങളിൽ പതറാത്ത ജീവിതമാണ്. സംസാര സാഗരത്തിൽ നീർച്ചുഴികളും ആഴക്കയങ്ങളുമുണ്ട്. ചുഴിയിൽപ്പെട്ട് വട്ടം കറങ്ങുമ്പോൾ തീരത്തെത്തുമെന്നുള്ള പ്രതീക്ഷകളറ്റു പോകാം... കയങ്ങളിൽ താണു താണു പോകുമ്പോൾ ഭാവിയുടെ പ്രത്യാശകൾ കൂമ്പടഞ്ഞുപോകാം. പെരുവെള്ളത്തിൽ നിന്ന് വലിച്ചെടുക്കാനൊരു കരം അരികത്തുണ്ടെന്ന് അറിയുമ്പോഴാണ് നിരാശയുടെ കൂരിരുൾ അകലുന്നത്.

സകല പ്രതീക്ഷകളും അറ്റു പോയപ്പോൾ നിത്യനായ ദൈവത്തിന്റെ കരത്തിന്റെ അത്ഭുത കാരുണ്യം ദാവീദ് അനുഭവിച്ചു. ശത്രുത്വത്തിന്റെയും ആക്രമണങ്ങളുടെയും വേലിയേറ്റത്തിൽ അടിപതറാതെ ദാവീദിനെ നിർത്തിയത് ദൈവകര സ്പർശത്തിലുള്ള അഗാധമായ വിശ്വാസമായിരുന്നു. **"അവൻ ഉയരത്തിൽ നിന്നു കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തു''** എന്ന് 18-ാം സങ്കീർത്തനത്തിൽ ദാവീദ് പാടുന്നത് നന്ദിയുടെയും കടപ്പാടിന്റെയും പൂച്ചെണ്ടുകൾ കർത്തൃപാദത്തിൽ അർപ്പിച്ചുകൊണ്ടാണ്.

പരാജയങ്ങളിൽ തളരാത്ത ജീവിതമാണ് വിജയത്തിലേക്ക് കുതിക്കുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് സഖ്യകക്ഷികൾ പരാജയപ്പെടാൻ തുടങ്ങിയപ്പോൾ വിൻസ്റ്റൺ ചർച്ചിൽ തന്റെ പടയാളികളെ ധൈര്യപ്പെടുത്തുന്ന ഒരു പ്രസംഗം ചെയ്തു. ''24 മണിക്കൂറിനകം ബക്കിംങ്ഹാം പാലസിൽ നാസികളുടെ കൊടി ഉയരും" എന്ന് ഹിറ്റ്ലർ പറഞ്ഞയുടനെയാണ് ചർച്ചിൽ ചെയ്ത പ്രസംഗം പടയാളികളെ ഉണർത്തിയത്: "Sucess is the ability to go from Failure to Failure with no loss of enthusiasm." (ഉത്സാഹത്തിൽ തെല്ലും കുറയാതെ പരാജയത്തിൽ നിന്ന് പരാജയത്തിലേക്ക് പ്രയാണം ചെയ്യാനുള്ള കഴിവാണ് വിജയം). ഈ വാക്കുകളാണ് പടയാളികളെ ഉത്സാഹഭരിതരാക്കിയത്. നാസികളെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്ക് അന്ന് കഴിഞ്ഞു.

Bob Gass എന്ന പണ്ഡിതനായ ക്രിസ്തു ഭക്തൻ ഒരിക്കൽ പറഞ്ഞു: **"When you fail, treat it as a moment, not a monument"** (നിങ്ങൾ പരാജയപ്പെടുമ്പോൾ അതിനെ കേവലം നൈമിഷികമെന്നെണ്ണുക, അതൊരു ചിരകാല സ്മാരകമാക്കരുത്).

Dr. Mike Murdok - ന്റെ വാക്കുകൾ ഇങ്ങനെയാണ്: "Failure is not an event, it is only an opinion". (തോൽവി ഒരിക്കലും ഒരു സംഭവമല്ല, അത് കേവലം ഒരഭിപ്രായം മാത്രം).

തോമസ് എഡിസൺ അമ്പതിനായിരം പരീക്ഷണങ്ങൾ നടത്തി. അദ്ദേഹത്തിന്റെ അസിസ്റ്റന്റ് പറഞ്ഞു: "All those experiments and not one result." (ഇത്രയേറെ പരീക്ഷണങ്ങൾ നടത്തിയിട്ടും ഒന്നും ഫലപ്രാപ്തിയിലെത്തിയില്ലല്ലോ.) എഡിസൻ ഉടനെ പറഞ്ഞു: "No results? We have had wonderful results. We now know fifty thousand things that won't work. Soon we will find the one that does." (ഒരു ഫലവും കിട്ടിയില്ലെന്നോ? അത്ഭുത

കരമായ ഫലങ്ങളത്രെ നമുക്ക് ലഭിച്ചത്. അമ്പതിനായിരം കാര്യങ്ങൾ പ്രവർത്തിക്കാത്തവ ആണെന്ന് ഇപ്പോൾ നമുക്ക് മനസ്സിലായി. എത്രയും വേഗം പ്രവർത്തിക്കുന്ന ഒന്ന് നാം കണ്ടെത്തും). അത്ഭുതമില്ല, എഡിസൺ ലോകത്തെ പ്രകാശിപ്പിച്ചതിൽ!

ഒരു പ്രസിദ്ധമായ അഭിജ്ഞ വാക്യമുണ്ട്: "Successful people fail two out of every five times whereas unsuccessful people fail three out of every five times." (വിജയികളാകുന്ന ആളുകൾ അഞ്ചുപ്രാവശ്യത്തെ യത്നത്തിൽ രണ്ടു പ്രാവശ്യം പരാജയപ്പെടുന്നവരാണ്; എന്നാൽ പരാജിതരാകട്ടെ, അഞ്ചിൽ മൂന്നു പ്രാവശ്യം തോൽക്കുന്നവരാണ്). നാമെല്ലാം ദിവസേന ഒന്നല്ലെങ്കിൽ മറ്റൊന്നിൽ പരാജയമടയുന്നവർ ആണ്. അങ്ങനെയല്ലാത്തവർ ഉണ്ടാവുകയില്ല.

ബഞ്ചമിൻ ഫ്രാങ്ക്ളിൻ പറഞ്ഞിട്ടുണ്ട്: **"The man who does things, makes many mistakes; but he never makes the biggest mistake of all - doing nothing."** (പ്രവർത്തിക്കുന്ന മനുഷ്യന് അനേകം തെറ്റുകൾ പറ്റും; പക്ഷെ ഒന്നും പ്രവർത്തിക്കുന്നില്ല എന്ന ഏറ്റവും വലിയ തെറ്റ് അയാൾക്കൊരിക്കലും പറ്റുകയില്ല).

തെറ്റുകൾ തിരിച്ചറിയുന്നതും തിരുത്തുന്നതുമാണ് ജീവിത പുരോഗതിയുടെ ലക്ഷണം. മനുഷ്യരാരും തികവുറ്റവരല്ല. **തികവിലേക്കും മികവിലേക്കുമുള്ള പ്രയാണമാണ് ഐഹിക ജീവിതം.** ആ പ്രയാണത്തിൽ വഴുതി വീഴാം, കാലിടറാം, പരുക്കു പറ്റാം, വഴി തെറ്റാം. പക്ഷെ വീഴണമെന്നില്ല. തെറ്റണമെന്നില്ല. വീണാലും എഴുന്നേറ്റു പോകുന്നതാണ് ക്രിസ്തീയ ജീവിതം. വഴി തെറ്റിയാലും നേർപാതയിലേക്ക് തിരിച്ചു വന്ന് മുന്നേറുന്നതാണ് ഒരു വിശ്വാസിയുടെ ജീവിതം. മനുഷ്യന് സ്വയം അസാദ്ധ്യമായ ഈ കാര്യം ക്രിസ്തുവിന്റെ ആത്മാവിനാൽ സാധിക്കുമെന്നതാണ് ക്രിസ്തീയ ജയ ജീവിതത്തിന്റെ രഹസ്യം.

ആ പ്രയാണത്തിന്റെ വിജയത്തിന് ആന്തരിക ശാന്തി അത്യന്താപേക്ഷിതമാണ്. **ഹൃദയശുദ്ധീകരണമാണ് ആന്തരിക ശാന്തിയുടെ നിദാനം.** നിരന്തരമായ ഹൃദയശുദ്ധീകരണ പ്രക്രിയയാണ് വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ ഉരകല്ല്.

“അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല” (സങ്കീർത്തനം 34:5). പരാജയങ്ങളിൽ നിരാശപ്പെടാതെ ക്രിസ്തുവിന്റെ മുഖത്തേക്കു നോക്കി യാത്ര ചെയ്യുന്നവരെ അവൻ തന്റെ തിരുരക്തത്തിന്റെ ശക്തിയാൽ ശാന്തിതീരത്തെത്തിക്കും, ◎

“അവൻ എന്നോട് : എന്റെ കൃപ നിനക്കു മതി;
എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു.
ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന്
ഞാൻ അതി സന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.”
(2 കൊരിന്ത്യർ 12:9)

“നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരേ പാഞ്ഞുചെല്ലും;
എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.”
(സങ്കീർത്തനം 18:29)

ചിന്താവിഷയം
ഫാ. ജേക്കബ് എൻ. വറുഗീസ്, നിരണം



പെന്തെക്കൊസ്തി: വിപ്ലവത്തിന്റെ കാൽവെയ്പ്പ്

(തുടർച്ച)

കലക്കത്തിന്റെ ആത്മാവിൽനിന്ന് ഒന്നിപ്പിന്റെ ആത്മാവിലേക്ക്
(From the spirit of turmoil to the spirit of unity)

പഴയനിയമത്തിലെ ബാബേൽ കൂട്ടായ്മയും പുതിയ നിയമത്തിലെ പെന്തെക്കൊസ്തി നടന്ന യെരുശലേം കൂട്ടായ്മയും തമ്മിൽ താരതമ്യ പഠനത്തിന് വിധേയമാക്കാവുന്നതാണ്. രണ്ടു തരത്തിലുള്ള കൂടിച്ചേരൽ. ഒന്ന് സ്വാർത്ഥതയുടെതാണെങ്കിൽ മറ്റേത് നിസ്വാർത്ഥതയുടെയും പങ്കുവെയ്ക്കലിന്റെയും ആണ്. ബാബേലിൽ ഒന്നിച്ച് കൂടിയ സമൂഹം ഛിന്നഭിന്നമായി പോകുന്നു (ഉൽ. 11:1–9). ദൈവത്തെ ഒഴിവാക്കി "നമുക്ക് ഒരു പേരുണ്ടാക്കുക" എന്ന സ്വയം കേന്ദ്രീകൃതമായ സംസ്ക്കാരത്തിന്റെ നേർചിത്രമാണ് ബാബേൽ കൂട്ടായ്മ. എന്നാൽ യെരുശലേം കൂട്ടായ്മ പരിശുദ്ധാത്മാവിനെ സ്വീകരിച്ച് എല്ലാവർക്കുമായി എല്ലാം പങ്കുവെയ്ക്കുന്ന സംസ്കാരത്തിലേക്കുള്ള വളർച്ചയുടെ പ്രാരംഭമായിരുന്നു. ബാബേലിൽ ഭാഷ കലക്കപ്പെട്ടെങ്കിൽ പെന്തെക്കൊസ്തിയിൽ ഭാഷ വ്യക്തവും സുതാര്യവും മറ്റുള്ളവരിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നതുമായിരുന്നു. യെരുശലേം കൂട്ടായ്മയിൽ ശബ്ദസൗന്ദര്യത്തിന്റെയും അപരനിലേക്ക് ശബ്ദം സന്നിവേശിപ്പിക്കുന്നതിന്റെയും മാധുര്യം പകരുന്ന അനുഭവത്തിലേക്ക് സഭ ചുവടുവെയ്ക്കുന്നു. പഴയ നിയമത്തിൽ "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ?" (ഉൽപ്പത്തി 4:11) എന്ന ചോദ്യത്തിൽനിന്ന്, കാവൽക്കാരനിൽ നിന്ന്, ശുശ്രൂഷ ചെയ്യുന്നവനിലേക്ക് വളരുന്ന പുതിയ നിയമത്തിന്റെ വിശാലതയിലേക്കുള്ള അനിർവചനീയമായ മാറ്റമാണ് ഉണ്ടായത്. **"എനിക്കും നിനക്കും എന്ന ലോത്തിന്റെ ധനതത്ത്വശാസ്ത്ര(ഉൽ. 13:3–14)ത്തിൽ നിന്ന് 'പൊതുവക' (everything in common) എന്ന ദൈവരാജ്യതത്ത്വത്തിലേക്കുള്ള ചുവടുമാറ്റത്തിന് പ്രാരംഭം കുറിച്ചതും പെന്തെ ക്കൊസ്താനുഭവമാണ്.** പാപം, ദൈവകോപം, അരാജകത്വ സമൂഹം, ആത്മീയഅന്ധത, നികൃഷ്ടമായ ജീവിതാനുഭവം, ഭൗതികതയെക്കുറിച്ചുള്ള വികൃതമായ കാഴ്ചപ്പാട് എന്നിവ പേറുന്ന സമൂഹത്തിന് നേരെ ഉയർന്നുവന്ന ബദൽ സമൂഹമായിരുന്നു പെന്തെക്കൊസ്താനുഭവം പേറിയ ആദിമസഭ.

മറ്റൊരുതരത്തിൽ പറഞ്ഞാൽ സങ്കുചിത മനോഭാവത്തിൽ നിന്ന് സംസർഗ്ഗ മനോഭാവത്തിലേക്ക് ക്രിസ്തീയ സഭ ഗതിമാറ്റം നടത്തി; തളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് നീങ്ങുന്നതിന് ഉന്മേഷം പകരുന്ന ഉത്തേജകമായി സഭ മാറ്റപ്പെട്ടു.

പുനരാഗമന പ്രത്യാശയിലേക്ക്
(To Maranatha days)

പരിശുദ്ധാത്മാവിനെ പ്രാപിച്ചു എങ്കിലും യേശുക്രിസ്തുവിന്റെ രണ്ടാംവരവിനായി കാത്തിരിക്കുന്ന സമൂഹമായിരുന്നു ആദിമസഭ. ഇന്നിന്റെ ഭൗതിക സാഹചര്യങ്ങളിൽ നിന്നുകൊണ്ട് നിത്യതയിലേക്കുള്ള വളർച്ച നോക്കിപ്പാർത്തിരുന്ന സമൂഹമായിരുന്നു. സഭ നിലനിന്നത് പീഡനങ്ങളുടെയും സമ്മർദ്ദങ്ങളുടെയും

ഇടയിലായിരുന്നു; പ്രതീക്ഷകൾ നശിക്കാവുന്നതും നിരാശ ജനിപ്പിക്കുന്നതുമായ പരിതസ്ഥിതിയിലായിരുന്നു. എന്നാൽ 'പ്രത്യാശ നൽകുന്ന' ജീവിതത്തിലേക്ക് മുന്നേറുവാൻ പ്രാർത്ഥനയും ആത്മീയാനുഭവങ്ങളും സഹായിച്ചു.

പുതിയ നിയമത്തിൽ ഒരു തവണ മാത്രമാണ് **"മാറാനാഥാ" എന്ന പ്രാർത്ഥന** കാണുന്നത്. ഈ പ്രാർത്ഥനയ്ക്ക് അതുല്യമായ ശക്തിയുണ്ടായിരുന്നു. കർത്താവായ യേശുവേ വേഗം വരണമേ. (1 കൊരി. 16:22). മാറാനാഥാ പ്രാർത്ഥനയെക്കുറിച്ച് പിന്നീട് കാണുന്നത് 'ഡിഡാക്കെ' (Didache) എന്ന പിതാക്കന്മാരുടെ രചനകളിലാണ്. ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടായ ഒരു ആംഗ്ലേയപദമാണ് 'liminality'. ആ പദത്തിന് തുല്യമായ മലയാള പദം ഇല്ല. Crossing over, space in between, transitory space എന്നൊക്കെയാണ് അർത്ഥം. ഇന്ന് നാം സഞ്ചരിക്കുന്നത് ലിമിനൽ സ്പെയ്സിലൂടെയാണ് (liminal space). ഒരു തരത്തിൽ ഇത് transitional സമയമാണ്. **ഈ കാലഘട്ടത്തെ വേദപുസ്തകത്തിലെ മരുഭൂയാത്രയായിട്ട് കണക്കാക്കാം.** മിസ്രയീമിൽ നിന്ന് പുറപ്പെട്ടു, വാഗ്ദത്തനാട്ടിൽ എത്തിയിട്ടുമില്ല. ഇതിനിടയിലുള്ള കാലം പ്രധാനപ്പെട്ടതാണ്. രൂപപ്പെടലിന്റെ കാലമാണ്. Liminality എന്ന പദം കണ്ടെത്തിയത് പാശ്ചാത്യനരവംശ ശാസ്ത്രജ്ഞനായ Arnold Van Gennep ആണ്. ആഫ്രിക്കയിലെയും ഓസ്ട്രേലിയയിലെയും ഗോത്രവർഗ്ഗക്കാർക്കിടയിൽ പഠനം നടത്തി, ആ ഗോത്രവർഗ്ഗത്തിലെ ഒരു പ്രത്യേകത അദ്ദേഹം കണ്ടെത്തി. അവരുടെ പുരുഷപ്രജകൾ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ കുറേ നാളത്തേക്ക് അവരെ വെറും കൈയായി വിജനമായ സ്ഥലത്തേക്ക് പറഞ്ഞയയ്ക്കുമായിരുന്നു; അവിടെ അതിജീവനത്തിന്റെ (survival) പാഠങ്ങൾ പഠിച്ച് പ്രത്യാശാനിർഭരരായി മടങ്ങി വരണം. ഇത് തന്നെയാണ് ആദിമക്രൈസ്തവ സഭയിൽ പെന്തെക്കൊസ്താത്മാവ് ചെയ്തതും.

ആൾക്കൂട്ടം കല്ലെറിയുമ്പോഴും കല്ലുകൾ ആഞ്ഞു ശരീരത്തിൽ പതിക്കുമ്പോഴും സ്വർഗീയ ദർശനം കാണുന്ന സ്തേഫാനോസ് ആദിമ സഭയുടെ പെന്തെക്കൊസ്തി അനുഭവത്തിന്റെ ശക്തിയെയാണ് കാണിക്കുന്നത് (അപ്പൊ. പ്ര. 7:55-56). ആദിമസഭ നിരന്തരമായി പ്രാർത്ഥിച്ചത് "മാറാനാഥാ" (ദൈവമേ! വേഗം വരണമേ!) എന്നായിരുന്നു. നിരാശാനിർഭരമായ സമൂഹത്തിന് പ്രത്യാശയിലൂന്നി ജീവിക്കാനുള്ള ആത്മവീര്യം പെന്തെക്കൊസ്താത്മാവ് പകർന്നു കൊടുത്തു.

ആദിമസഭയുടെ ചരിത്രത്തിലെ വഴിത്തിരിവായിരുന്നു യരൂശലേമിലെ പെന്തെക്കൊസ്തിക്കൂട്ടായ്മ. സഭയുടെ പുത്തൻ സഞ്ചാരപഥത്തിന് തുടക്കം കുറിക്കപ്പെട്ട ദിനം... സാധാരണ മാറ്റങ്ങൾക്കല്ല സമൂഹം വിധേയമായത്. വിപ്ലവോന്മുഖമായ മാറ്റങ്ങളായിരുന്നു. **ഭൂമിശാസ്ത്രപരമായ അതിർത്തികളിൽ ഒതുങ്ങിനിന്നിരുന്ന സഭയ്ക്ക് അതിർവരമ്പുകളില്ലാതെ വളരുന്നതിന് അത് തുടക്കം കുറിച്ചു.** ആരാധനാകേന്ദ്രീകൃതമായി മാത്രം നിന്നിരുന്ന സമൂഹം മാനുഷിക മൂല്യങ്ങൾ പ്രകടമാക്കുന്ന മാനവിക കർമ്മമേഖലകളിലേക്ക് ചുവടുവെച്ചു. ചിതറിക്കപ്പെട്ടതും അരാജകത്വം നിറഞ്ഞതുമായ സമൂഹത്തെ ഒന്നിപ്പിന്റെയും സമത്വ-സൗഹാർദ്ദതയുടേതുമായ ബദൽസമൂഹമായി പടുത്തുയർത്തുന്നതിന് പെന്തെക്കൊസ്തിയുടെ അനുഭവം ഊന്നൽ നൽകി. ഇന്നിൽ മാത്രം ഒതുങ്ങി നിന്ന സമൂഹത്തെ പ്രത്യാശാനിർഭരമായ നാളെകളിലേക്ക് ഉയർത്തി, വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു സമൂഹമായി കെട്ടിപ്പടുക്കുന്നതിന് ഇത് വഴിതുറന്നു. വിവിധതലങ്ങളിൽ സഭയുടെ വിപ്ലവാത്മകമായ ചുവടുവെയ്ക്കലിൽ ഇത് ഉജ്ജ്വലമായ നാഴികക്കല്ലായി മാറി. ആദിമസഭയുടെ പെന്തെക്കൊസ്താനുഭവങ്ങൾ കാലിക സഭയ്ക്ക് പ്രചോദനമായിത്തീരട്ടെ. ◎

പ്രൊഫ. മാത്യു കോശി

യിസ്രായേൽ മക്കളുടെ അനിഷേധ്യനായകൻ - മോശെ എന്ന പ്രവാചകൻ (തുടർച്ച)



മോശെയുടെ പിൻഗാമി, മോശെയുടെ മരണം

സംഖ്യാ പുസ്തകത്തിന്റെ അവസാനഭാഗമാകുമ്പോൾ യിസ്രായേല്യരുടെ മരുഭൂമിയാത്രയും തീരാറായിരിക്കുന്നു. ആവർത്തനപ്പുസ്തകത്തിന്റെ ആരംഭത്തിൽ നാല്പതാം സംവത്സരത്തിന്റെ പതിനൊന്നാം മാസം ഒന്നാം തീയതി എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ രണ്ടുമാസം കൂടി കഴിയുമ്പോൾ യിസ്രായേൽമക്കൾ കനാൻനാട്ടിൽ പ്രവേശിച്ചിരിക്കും.

മോശെയുടെ പിൻഗാമി - യോശുവ

